**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പു വഴി നടപ്പിലാക്കുന്ന മാതൃകാ അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

സ.ഉ. (സാധാ) നം. 3718/2014/ധന. തീയതി, തിരുവനന്തപുരം 2.5.2014.

പരാമർശം:-1) സ. ഉ. (സാ.ധാ) നം. 23/12/എസ്.ജെ.ഡി തീയതി 16.1.2013.

2) സാമൂഹ്യക്ഷേമ വകുപ്പിന്റെ12464/ബി1/13/എസ്.ജെ.ഡി. നമ്പർ അനൗദ്യോഗിക ഫയൽ

## ഉത്തരവ്

സംസ്ഥാനത്തെ 140 നിയമസഭാ നിയോജക മണ്ഡലങ്ങളിലും ഓരോ മാതൃകാ അങ്കണവാടി നിർമ്മിക്കുന്നതിന് സൂചനയിലെ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്കായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പു വിഭാഗത്തിന്റെ ജില്ലാതല ഉദ്യോഗസ്ഥരായ 14 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് മാതൃകാ അങ്കണവാടി നിർമ്മാണത്തിന്റെ ധനവിനിയോഗത്തിനായി പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം ഫയൽ പ്രകാരം സാമൂഹ്യ ക്ഷേമവകുപ്പ് ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാതൃകാ അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് തുക വിനിയോഗിക്കുന്നതിനായി ജില്ലാതലത്തിൽ 14 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും പേരിൽ 30.9.2014 വരെ കാലാവധിയുള്ള പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

റെജി ജോൺ
അണ്ടർ സെക്രട്ടറി (ധനകാര്യം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ജി ആന്റ് എസ്എസ്.എ. ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ.) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യക്ഷേമ വകുപ്പു ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യക്ഷേമ (ബി) വകുപ്പ്
ധനകാര്യ (വെൽഫെയർ) വകുപ്പ് (35116/WW3/ധന.)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ